സുരക്ഷാ മുദ്ര പതിക്കുന്നതിൽനിന്നും ഒഴിവാക്കുവാനുണ്ടായ കാരണം

25 [5479] ശ്രീ. ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യക്കുപ്പികളിൽ ഹോളോഗ്രാം സുരക്ഷാ മുദ്ര പതിക്കുന്നതിനുള്ള തീരുമാനം ബാറുകൾക്ക് മാത്രമായി ചുരുക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഇത്തരം മദ്യത്തിന്റെ എത്ര ശതമാനം ബാറുകളിൽക്കൂടി വിറ്റഴിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ബാക്കിയുള്ളവയെ സുരക്ഷാ മുദ്ര പതിക്കുന്നതിൽ നിന്നും ഒഴിവാക്കുവാനുണ്ടായ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഇത്തരം മദ്യത്തിന്റെ 33% ബാറുകളിൽക്കൂടിയാണ് വിറ്റഴിക്കുന്നത്.

(സി) കെ. എസ്. ബി. സി. വഴി വിതരണം ചെയ്യുന്ന എല്ലാ മദ്യക്കുപ്പികളിലും ഹോളോഗ്രാം സുരക്ഷാ മുദ്ര പതിച്ചിരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ബാർ ലൈസൻസികൾക്കും തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ മറ്റു ചില്ലറ മദ്യ വ്യാപാര സ്ഥാപനങ്ങൾക്കും നൽകുന്ന മദ്യക്കുപ്പികളിൽ ഹോളോഗ്രാം മുദ്ര പതിച്ചു വരുന്നു. മറ്റു ജില്ലകളിൽ വിതരണം ചെയ്യുന്ന മദ്യക്കുപ്പികളിൽ ഹോളോഗ്രാം സുരക്ഷാ മുദ്ര പതിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

വ്യാജമദ്യം പിടിക്കുന്നതിനായി ടാസ്ക് ഫോഴ്സ്

26 [5480] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എൻ. ശക്തൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം പിടിക്കുന്നതിനായി എക്സൈസ്-പോലീസ് ഉദ്യോഗസ്ഥൻമാരുടെ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly